## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1775** **12.06.2019 ൽ മറുപടിയ്ക്ക്**

### അന്തർസംസ്ഥാന ബസുകളുടെ നികുതി കുടിശ്ശിക

| ചോദ്യം<br>ശ്രീ.വി.ടി.ബൽറാം | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | അന്തർസംസ്ഥാന ബസ് ഓപ്പറേറ്റർമാരിൽ നിന്നും നികുതി കുടിശ്ശിക ഇനത്തിൽ വൻതുക പിരിഞ്ഞുകിട്ടുവാനുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. ആകെ 39,31,93,796/- രൂപയാണ് ഈ ഇനത്തിൽ നികുതി കുടിശ്ശികയായി ലഭിക്കാനുള്ളത്. |
| (ബി) | ഇതുസംബന്ധിച്ച് സർക്കാരിന് അനുകൂലമായ കോടതി വിധി ഉണ്ടായിട്ടുണ്ടോ; എങ്കിൽ കോടതി വിധി അനുകൂലമായിട്ടും കുടിശ്ശിക പിരിച്ചെടുക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. വാഹന ഉടമകൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 41612/2017 നമ്പർ കേസിന് ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൽ 01.01.2018 മുതൽ 31.03.2018 വരെയുള്ള കാലയളവിലേയ്ക്ക് ആ സമയത്ത് നിലവിലുള്ള നികുതി സ്വീകരിക്കണമെന്ന് മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരോട് നിർദ്ദേശം നൽകുകയായിരുന്നു. പിന്നീട് പെറ്റീഷണർമാരുടെ റിട്ട് അപ്പീൽ 476/2017 -ന് അന്തിമവിധി 26.12.2017 -ൽ കോടതി പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം വാഹന ഉടമകളിൽ നിന്നും ബാലൻസ് ടാക്സ് ആയ തുക ഈടാക്കുവാൻ നിർദ്ദേശം നൽകുകയും അപ്രകാരം ഇപ്പോഴും വാഹന ഉടമകളിൽ നിന്നും ചെക്ക് പോസ്റ്റുകളിലൂടെയും അതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ വഴി റവന്യൂ റിക്കവറി വഴിയും കുടിശ്ശിക നികുതി പിരിച്ചെടുക്കുന്നുണ്ട്. |
| (സി) | നികുതി കുടിശ്ശിക അടയ്ക്കുവാൻ ആവശ്യപ്പെട്ട് മോട്ടോർ വാഹന വകുപ്പ് ബസ് ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ എത്ര തുക പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ? | (സി) | ഉണ്ട്. 2019 ഏപ്രിൽ മാസം വരെയുള്ള കണക്കു പ്രകാരം 5,58,05,310/- രൂപയാണ് നികുതി കുടിശ്ശികയിനത്തിൽ പിരിച്ചെടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ